മലബാറിലെ ക്ഷേത്രസ്ഥാനീയർക്കും അന്തിത്തിരിയൻ/ തെയ്യക്കാർ എന്നിവർക്കും പ്രതിമാസ അലവൻസ്

135 (4421) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാറിലെ ക്ഷേത്ര സ്ഥാനീയർക്കും, അന്തിത്തിരിയൻ/തെയ്യക്കാർ എന്നിവർക്കും നൽകുന്ന പ്രതിമാസ അലവൻസ് എത്രപേർക്ക് ഇപ്പോൾ ലഭിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇതു സംബന്ധിച്ച് പുതുതായി എത്ര അപേക്ഷകൾ കിട്ടിയിട്ടുണ്ടെന്നും ഇവർക്ക് എപ്പോൾ തുക അനുവദിക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) ആകെ അംഗീകരിക്കപ്പെട്ട സ്ഥാനികർ/തെയ്യക്കാരുടെ എണ്ണം 2169 ആണ്. ഇവർക്ക് പ്രതിമാസ വേതനം നൽകിവരുന്നുണ്ട്.

(ബി) പുതുതായി അപേക്ഷകൾ ക്ഷണിച്ചിട്ടില്ല.

കറ്റ്യാടി മണ്ഡലത്തിലെ ക്ഷേത്രങ്ങൾക്ക് ധനസഹായം

136 (4422) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-15 വർഷത്തിൽ ക്ഷേത്രങ്ങൾക്ക് ധനസഹായം അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ കറ്റ്യാടി മണ്ഡലത്തിന്റെ പരിധിയിൽ വരുന്ന ഏതൊക്കെ ക്ഷേത്രങ്ങൾക്ക് ധനസഹായം അനുവദിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത ക്ഷേത്രങ്ങൾക്ക് എത്ര തുക വീതമാണ് അനുവദിച്ചിട്ടുള്ളതെന്നും സർക്കാർ നേരിട്ടും ദേവസ്വം ബോർഡ് മുഖേനയും അനുവദിച്ച തുക എത്രയെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) 2014-2015 വർഷത്തെ ജീർണ്ണോദ്ധാരണ ധനസഹായത്തിന് ഇപ്പോൾ അപേക്ഷ ക്ഷണിച്ചിട്ടുണ്ട്. അപേക്ഷ സ്വീകരിക്കുന്നതിനുള്ള അവസാന തീയതി ഡിസംബർ 15 ആണ്. ആയതിനുശേഷം ബന്ധപ്പെട്ട അപേക്ഷകൾ പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly